"ഭരണഭാഷ-മാതൃഭാഷ"

# കേരള സർക്കാർ

ധനകാര്യ (വ്യയം-എ) വകുപ്പ്

നം.34/2021/ധന

തീയതി, തിരുവനന്തപുരം, 12/04/2021.

## സർക്കുലർ

വിഷയം: LAR കേസുകളുമായി ബന്ധപ്പെട്ട് തുക അനുവദിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന : 18.03.2019 ലെ സ.ഉ(പി) നം.32/2019/ധന നമ്പർ ഉത്തരവ്.

LAR കേസുകളുമായി ബന്ധപ്പെട്ട് തുക അനുവദിക്കുന്നത് സംബന്ധിച്ച് സൂചനയിലെ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ തുടർച്ചയായി ചുവടെ പറയുന്ന നിർദ്ദേശം കൂടി പുറപ്പെടുവിക്കുന്നു.

LAR കേസുകളുമായി ബന്ധപ്പെട്ട് തുക അനുവദിക്കുന്നതിനുള്ള ഭരണാനുമതിക്ക് പ്രൊപ്പോസൽ സമർപ്പിക്കുമ്പോൾ, അധിക ഫണ്ടിന്റെ ആവശ്യകതയുള്ള സാഹചര്യങ്ങളിൽ, ഭരണാനുമതിക്കും അധിക ധനാനുമതിക്കുമുള്ള ശുപാർശ ഒരുമിച്ച് ഭരണ വകുപ്പിനു ലഭ്യമാക്കുകയും തുടർന്ന് ഭരണ വകുപ്പ് ഭരണാനുമതി പുറപ്പെടുവിച്ചശേഷം ആയതിന്റെ പകർപ്പ് സഹിതം അധിക ധനാനുമതിക്കുള്ള ശുപാർശ താമസംവിനാ ധനകാര്യ വകുപ്പിനു ലഭ്യമാക്കേണ്ടതാണ്. ധനകാര്യ വകുപ്പ് ഇക്കാര്യം പരിശോധിച്ച് ആവശ്യമായ തുക ഉചിത മാർഗ്ഗേണ അനുവദിക്കുന്നതുമാണ്.

**ഗോകുൽ.ജി.ആർ ഐ.എ.എസ്**
**സെക്രട്ടറി (ധനകാര്യ എക്സ്പെൻഡിച്ചർ) I/C**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി/അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറി/ ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറിയ്ക്ക്/എല്ലാ വകുപ്പ് മേധാവികൾക്കും
സെക്രട്ടറിയേറ്റിലെ എല്ലാ സെക്ഷനുകൾക്കും
നോഡൽ ഓഫീസർ www.financekerala.gov.in
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് (ഗവ.വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)
കരുതൽ ഫയൽ (E.855951:BW-B3/16/2018-Fin)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ